# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.17/PR/PIC/PHQ/18 Date :31.01.2018

---

## സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ 19 പേർ അറസ്റ്റിൽ

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡികൾ കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ 19 പേർ അറസ്റ്റിലായി. തിരുവനന്തപുരം ജില്ലയിൽ കിഴക്കേകോട്ട ക്ലാസിക് മൊബൈൽസ് ഷോപ്പുടമ നിസ്താർ കരീം, കിഴക്കേകോട്ട ക്യൂബ് മൊബൈൽസ് ഷോപ്പുടമ സജീർ, മണക്കാട് ഡി വി ഡി സെന്റർ ഷോപ്പുടമ ഗാന്ധിരാജ്, ഈഞ്ചയ്ക്കൽ കാനറാ ബാങ്കിന് സമീപമുള്ള ബസ്സ്റ്റാൻഡിൽ നിന്നും സി ഡി വിൽപ്പനയ്ക്കായി കൊണ്ടുപോകുകയായിരുന്ന തമിഴ്നാട് സ്വദേശി ശ്രീനിവാസൻ, മുട്ടത്തറ ഫ്ളൈ ഓവറിന് സമീപത്തുനിന്നും സി ഡി വിൽപനയ്ക്കായി കൊണ്ടുപോകുകയായിരുന്ന രാജ്മോഹൻ , പ്രവച്ചമ്പലം എസ് എൻ ബിൽഡിംഗിൽ സിഡി കച്ചവടം ചെയ്തിരുന്ന സിജു, കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി മ്യൂസിക് സിറ്റി ഷോപ്പുടമ സഞ്ചുരാജ്, ആലപ്പുഴ ജില്ലയിൽ ചാരുംമൂട് രാഗം സിഡി സെന്റർ ഷോപ്പുടമ രാകേഷ്, തോട്ടപ്പള്ളിയിൽ മൊബൈൽ ഷോപ്പുടമ സുധീഷ്, ബീച്ച് റോഡ് റെയ്ബാൻ കോംപ്ലെക്സിൽ സൺ മ്യൂസിക് ഷോപ്പുടമ ആഷിക്, മണ്ണാറശാല ക്ഷേത്രപരിസരത്ത് സിഡി കച്ചവടം ചെയ്തിരുന്ന പ്രവീൺകുമാർ, എറണാകുളം ജില്ലയിൽ പെന്റമേനക റോസ് ഡ്യൂട്ടി പെയ്ഡ് ഷോപ്പുടമ നൗഷാദ്, കോഴിക്കോട് ജില്ലയിൽ പയ്യോളി സെൽവേൾഡ് ഷോപ്പുടമ മുഹമ്മദ് സക്കീർ, പയ്യോളി ഗൂഗിൾ മൊബൈൽ ഫോൺ സർവ്വീസ് ഷോപ്പുടമ ജിലിൽ , കണ്ണൂർ ജില്ലയിൽ പുതിയതെരു ഒപ്പോ ഷോപ്പുടമ നിയാസ്, പുതിയതെരു കാസിനോ വീഡിയോസ് ഷോപ്പുടമ ബൈജു, പുതിയതെരു മൊബൈൽ ലാൻഡ് ഷോപ്പുടമ സുഫാൻ, ഇടുക്കി ജില്ലയിൽ കുമളി തമ്പീസ് സിഡി ഹൗസ് ഷോപ്പുടമ സെൽവരാജൻ, വണ്ടിപ്പെരിയാർ ദീനാബാസ് ഷോപ്പുടമ ദീനദയാൽ എന്നിവരാണ് അറസ്റ്റിലായത്. ഇവയിൽ മിക്ക മൊബൈൽ കടകളും പ്രധാന സ്കൂളുകളുടെ പരിസരത്ത് സ്ഥിതി ചെയ്യുന്നവയാണ്.

ഇവരിൽ നിന്നും പകർപ്പവകാശമില്ലാത്ത പുതിയ മലയാള സിനിമകളുടെ ശേഖരവും ഇവ കോപ്പി ചെയ്യാൻ ഉപയോഗിച്ച കംപ്യൂട്ടർ, ഹാർഡ് ഡിസ്ക്, ലാപ്ടോപ്പ് തുടങ്ങിയ ഉപകരണങ്ങളും പോലീസ് കണ്ടെടുത്തു.

ക്രൈംബ്രാഞ്ച് ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.കെ പ്രശാന്തനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡിവൈ.എസ്.പി. രാഗേഷ് കുമാർ.വി, ഡിക്റ്ററ്റീവ് ഇൻസ്പെക്ടർ പി എസ് രാകേഷ്, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ രൂപേഷ് കുമാർ.ജെ.ആർ, സുരേന്ദ്രൻ ആചാരി, അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർമാരായ സനൽകുമാർ, സുനിൽ കുമാർ, സിവിൽ പോലീസ് ഓഫീസർമാരായ സ്റ്റാൻലി സജി, സന്ദീപ്, സ്റ്റെർലിൻ രാജ് , ബെന്നി, അജയൻ, അദീൻഅശോക്, സുബീഷ്, ആദർശ്, ഷാർബി , അജിത് പ്രസാദ് സിറിൽ എന്നിവരെക്കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു. ബുക്ക് പൈറസി, മ്യൂസിക് പൈറസി തുടങ്ങിയവ ചെയ്യുന്ന ലോബികളെ കണ്ടെത്തുന്നതിനുള്ള റെയ്ഡുകൾ തുടരുമെന്നും എസ്.പി. പറഞ്ഞു.

*********